പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4618 28.6.2013-ൽ മറുപടിക്ക്

നഗരസഭകളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ നഗരസഭകളിൽ പ്ലാസ്റ്റിക് പൊടിക്കാൻ ഏതെങ്കിലും ഏജൻസികളെ നിയമിച്ചിട്ടുണ്ടോ ; | എ) ഇല്ല. |
| ബി) പാളയം കണ്ണിമേര മാർക്കറ്റിലെ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഇതിന് എന്ത് തുകയാണ് നഗരസഭ ചെലവാക്കിയത്; ഇത്പ്രവർത്തിപ്പിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; | ബി) സർക്കാരോ ശുചിത്വമിഷനോ അംഗീകാരം നൽകിയിട്ടില്ലാത്ത ഈ പ്രോജക്ട് നഗരസഭ തന്നെ ഏറ്റെടുത്തിട്ടുള്ള പദ്ധതിയാണ്. കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് വേണ്ടത്ര തോതിൽ ലഭിക്കാത്തതിനാൽ ടി പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ള മെഷീനുകൾ ഇപ്പോൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ലായെന്ന് തിരുവനന്തപുരം നഗരസഭ അറിയിച്ചിട്ടുണ്ട്. 1,38,000.00 രൂപ നിരക്കിൽ 2 പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീനുകളാണ് ടി പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ളത്. |
| സി) പ്ലാസ്റ്റിക്കിൽ നിന്നും ഡീസൽ ഉണ്ടാക്കുന്ന പദ്ധതി സംസ്ഥാനത്ത് വിജയകരമായി പൂർത്തീകരിക്കാൻ കഴിയുമോ. ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | സി) പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ